നിയമ
സംസ്കാര
കേന്ദ്രത്തിന്റെ

# ജനനീതി

വാല്യം : 11 ◆ ലക്കം :11 ◆ നവംബർ2004 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

## കിളിരൂർ പെൺകുട്ടി

**കിളിരൂർ കേസിലെ പെൺകുട്ടി കോട്ടയം മെഡിക്കൽ കോളേജിൽ ഗുരുതരാവസ്ഥയിലാണെന്ന് മാധ്യമങ്ങൾ പറയുന്നു. സർക്കാർ ഇരുപത്തയ്യായിരം രൂപ മാത്രമേ ചികിത്സയ്ക്ക് അനുവദിച്ചുള്ളൂ എന്നും . ഇത് പൊറുക്കാനാവുന്നതല്ല. ജീവിതാരംഭത്തിൽതന്നെ ആ പെൺകുട്ടി ചതിയിലൂടേയും യാതനയിലൂടേയും വലിച്ചിഴയ്ക്കപ്പെട്ടു. അത് വെളിപ്പെട്ടിട്ടു പോലും രോഗത്തിന്റെയും അവഗണനയുടേയും പടുകുഴിയിലേയ്ക്ക് ആ പെൺകുട്ടിയെ തള്ളുകയാണ് സർക്കാർ ചെയ്യുന്നത്. സർക്കാർ ചെലവിൽ ഏറ്റവും നല്ല ചികിത്സ ആ പെൺകുട്ടിയ്ക്ക് ലഭ്യമാകണ്. പരിധികളില്ലാത്ത സാമ്പത്തിക സഹായം അതിനുവേണ്ടി അനുവദിക്കണം. ആ കുട്ടിക്കു നേരെ നടന്ന ക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് പരിഹാരം നൽകേണ്ടതാണ് ഇതുവഴി കൂടിയാണ്. പ്രതികളുടെ ശിക്ഷ പോലെത്തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ഇരകളുടെ രക്ഷയും. വ്യവസ്ഥയാൽ ഇരയാക്കപ്പെടുന്നവരെ വ്യവസ്ഥ തന്നെയാണ് പുനരധിവസിപ്പിക്കേണ്ടത്. അതിലൂടെ മാത്രമേ ജനാധിപത്യം വളരുകയുള്ളൂ.** ■

## ഡി. പങ്കജാക്ഷക്കുറുപ്പ്

**ദർശനം മാസികയുടെ പത്രാധിപരും, 'പുതിയ ലോകം'; 'പുതിയ വഴി', 'ഭാവിയിലേയ്ക്ക് 'എന്നീ ഗ്രന്ഥങ്ങളുടെ കർത്താവുമായ ഡി.പങ്കജാക്ഷക്കുറുപ്പ് കഴിഞ്ഞ സെപ്തംബർ 18 ന് അന്തരിച്ചു. 82 വയസ്സായിരുന്നു. ദീർഘകാലം പുന്നപ്ര എൻ.എസ്.എസ് യു.പി സ്കൂളിലെ പ്രധാനാധ്യാപകനായിരുന്നു. ദേശീയ പ്രസ്ഥാനത്തിൽനിന്നും ഗാന്ധിജിയിൽനിന്നും ആർജിക്കാൻ കഴിഞ്ഞ വിപ്ലവവീര്യമായിരുന്നു കുറുപ്പുമാസ്റ്ററുടെ ആത്മസത്ത.** (പേജ് –8ൽ)

# സാമ്രാജ്യത്വത്തിന്റെ കാലത്തെ ജനകീയശക്തി

## അരുന്ധതി റോയ്

**ഭാ**ഷ കൊലചെയ്യപ്പെടുകയും അർത്ഥം രക്തമൊലിപ്പിക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് നാം 'ജനകീയശക്തി' എന്നതിനെ മനസ്സിലാക്കുക? സ്വാതന്ത്ര്യം എന്നാൽ അധിനിവേശവും ജനാധിപത്യമെന്നാൽ പുത്തൻ ഉദാരമുതലാളിത്തവും, പരിഷ്ക്കരണമെന്നാൽ അടിച്ചമർത്തലും ആയിരിക്കുമ്പോൾ "ശാക്തീകരണം" "സമാധാന സംരക്ഷണം" എന്നിങ്ങനെയുള്ള വാക്കുകൾ നിങ്ങളുടെ രക്തത്തെ തണുപ്പിക്കുമ്പോൾ എങ്ങനെയാണ് "ജനകീയശക്തി" എന്നത് നിങ്ങൾ അതുകൊണ്ട് എന്തർത്ഥമാക്കുന്നുവോ അതേ അർത്ഥം വഹിക്കുക? ഭുജ പേശികൾ വികസിപ്പിക്കാനുപയോഗിക്കുന്ന ഒരു യന്ത്രം അല്ലെങ്കിൽ അല്ലെങ്കിൽ ഒരു സമുദായ ശക്തിയുടെ പെയ്ത്ത്? അതിനാൽ മുന്നോട്ടു പോകുന്നതിനായി "ജനകീയശക്തി" എന്നതിനെ എന്റേതായ തരത്തിൽ ഞാൻ നിർവ്വചിക്കേണ്ടതുണ്ട്.

ഇന്ത്യയിൽ പൊതുജനം (ബഹുജൻ) ഒരു ഹിന്ദി വാക്കാണ്. അതിന്റെ അർത്ഥം ജനത എന്നാണ്. ഹിന്ദിയിൽ നമുക്ക് 'സർക്കാരും' 'ബഹുജന'വുമുണ്ട്. ഗവൺമെന്റും പൊതുജനവും. ഈ ഉപയോഗത്തിനുള്ളിൽ അന്തർലീനമായി കിടക്കുന്ന ഒരു പരികല്പന, ഗവൺമെന്റ് എന്നത് പൊതുജനത്തിൽ നിന്നും പൂർണ്ണമായും വേർതിരിക്കപ്പെട്ട ഒന്നാണ് എന്നതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരം, ഉജ്ജ്വലമെങ്കിലും ഏതർത്ഥത്തിലും വിപ്ലവകരമായ ഒന്നല്ലായിരുന്നു എന്ന യാഥാർത്ഥ്യത്തെയാണ് ഈ വേർതിരിവ് ദ്യോതിപ്പിക്കുന്നത്. ബ്രിട്ടീഷ് സാമ്രാജ്യക്കൊതിയരുടെ പാദുകങ്ങളിൽ ഇന്ത്യൻ ഉപരിവർഗ്ഗം സുഗമമായും ആർഭാടമായും കയറിപ്പറ്റുകയായിരുന്നു.

ആഴത്തിൽ ദാരിദ്ര്യവല്ക്കരിക്കപ്പെട്ടതും ആത്യന്തികമായ ഫ്യൂഡലുമായ സമൂഹം, ആധുനികവും സ്വതന്ത്രവുമായ ദേശരാഷ്ട്രമായി തീർന്നു. ആ ദിവസത്തിനുശേഷമുള്ള അമ്പത്തേഴ് കൊല്ലങ്ങൾക്കിപ്പുറം, യഥാർത്ഥത്തിൽ തോൽപ്പിക്കപ്പെട്ടവർ ഗവൺമെന്റിനെ 'തന്ത -തള്ള'ന്മാരായി രക്ഷാകർത്താവും അന്നദാതാവുമായി, വീക്ഷിക്കുന്നു. കൂടുതൽ വിപ്ലവാത്മകതയുള്ളവർ, താന്താങ്ങളുടെ ഉദരങ്ങളിൽ ഇന്നും അഗ്നിവഹിക്കുന്നവർ, അതിനെ 'ചോര'നായി, എല്ലാം തട്ടിപ്പറിക്കുന്നതും കൊള്ളചെയ്യുന്നതുമായി വീക്ഷിക്കുന്നു.

രണ്ടുതരത്തിലായാലും മിക്കവാറും എല്ലാ ഇന്ത്യക്കാരും സർക്കാർ, പൊതുജനത്തിൽ നിന്നു വളരെവേർപെട്ട ഒന്നായികരുതുന്നു. പക്ഷേ, ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹ്യഗോവണിയിലേക്ക് കയറുന്നതോടെ, സർക്കാരും പൊതുജനവും തമ്മിലുള്ള വ്യത്യാസം മങ്ങുന്നതായി നിങ്ങൾക്കനുഭവപ്പെടും. ഇന്ത്യൻ ഉപരിവർഗ്ഗം ലോകത്ത് മറ്റേതിടത്തേയും ഉപരിവർഗ്ഗത്തെപ്പോലെ, ഭരണകൂടത്തിൽ നിന്നും സ്വയം വേർപ്പെടുത്തപ്പെടുന്നത് കഠിനമായ ഒന്നായി കരുതുന്നു. അത് ഭരണകൂടത്തെപ്പോലെ കാണുന്നു, ഭരണകൂടത്തെപ്പോലെ ചിന്തിക്കുന്നു, ഭരണകൂടത്തെപ്പോലെ സംസാരിക്കുന്നു.

മറിച്ച് അമേരിക്കൻ ഐക്യനാടുകളിൽ സർക്കാരും പൊതുജനവും തമ്മിലുള്ള വ്യത്യാസത്തിൽ വന്നിട്ടുള്ള മങ്ങൽ സമൂഹത്തിലേയ്ക്ക് ആഴ്ന്നിറങ്ങിയ ഒന്നാണ്. ഇത് ആരോഗ്യകരമായ ജനാധിപത്യത്തിന്റെ ഒരു സൂചനയാകാം. പക്ഷെ, നിർഭാഗ്യകരമെന്നുപറയട്ടെ, ഇത് കുറച്ചുകൂടി സങ്കീർണ്ണവും അതിനെക്കാളും അല്പം മനോഹാരിത കുറഞ്ഞതുമാണ്. മറ്റനേകം കാര്യങ്ങൾക്കിടയിൽ യു. എസ്. ഭരണകൂടം പടച്ചുവിടുകയും കോർപ്പറേറ്റ് മാധ്യമങ്ങളും ഹോളിവുഡും നെയ്തെടുക്കുകയും ചെയ്യുന്ന ഭയപ്പാടുകളുടെ ചിലന്തിവലകളെ അതിന് നേരിടേണ്ടി വരുന്നുണ്ട്. തങ്ങളെല്ലാവരും ഭീഷണമായ ഉപരോധങ്ങൾക്ക് അടിപ്പെട്ടവരാണെന്നും തങ്ങളുടെ ഒരേ ഒരു അഭയസ്ഥാനവും സംരക്ഷകനും ഗവൺമെന്റ് മാത്രമാണെന്നുമുള്ള ഒരു മിഥ്യാ

ബോധത്തിലേയ്ക്ക് അമേരിക്കൻ ഐക്യനാടുകളിലെ ജനതയെ പ്രക്ഷാളനം ചെയ്തിരിക്കുന്നു. കമ്മ്യൂണിസമല്ലെങ്കിൽ, അത് അൽ ക്വയ്ദയാണ്. ക്യൂബയല്ലെങ്കിൽ അത് നിക്കരാഗ്വയാണ്. ഇതിന്റെ ഫലമായി താരതമ്യത്തിനപ്പുറമുള്ള ആയുധശേഖരത്താലും കൂലിക്കെടുത്തും സ്പോൺസർ ചെയ്തും നടത്തിയ അന്തമില്ലാത്ത യുദ്ധ ചരിത്രത്താലും ചരിത്രത്തിൽ അണുബോംബുകൾ ഉപയോഗിച്ച ഒരേഒരു രാജ്യമെന്ന നിലയിലും ലോകത്തിലെ ഈ ഏറ്റവും ശക്തമായ രാഷ്ട്രം, നിഴലുകളെപേടിച്ചുചാടുന്ന ഒരു പൗരത്വത്താൽ, ഇന്ന് ജനനിബിഡമായിരിക്കുന്നു. സാമൂഹ്യസേവനങ്ങളാലോ, പൊതു ആരോഗ്യപ്രവർത്തനങ്ങളാലോ തൊഴിൽ വാഗ്ദാനങ്ങളോ അല്ലാതെ ഭയം കൊണ്ടുമാത്രം ഭരണകൂടവുമായി ബന്ധപ്പെട്ട ഒരു ജനത.

ഇങ്ങനെ കൃത്രിമമായി നിർമ്മിച്ചെടുത്ത ഭയം ആക്രമണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് പൊതുസമ്മതി നേടിയെടുക്കുന്നതിനാണ് ഉപയോഗിക്കുന്നത്. അങ്ങനെ അതു മുന്നോട്ടുപോകുന്നു. തന്നത്താൻ ന്യായീകരിക്കുന്ന ഒരു ഹിസ്റ്റീരിയയുടെ വർത്തുളാകാരത്തെ നിർമ്മിച്ചുകൊണ്ട് ഇപ്പോൾ യു. എസ്. ഗവൺമെന്റിന്റെ സാങ്കേതികമായി വർണ്ണവത്ക്കരിക്കപ്പെട്ട 'ഭീകരാക്രമണ' മുന്നറിയിപ്പിന്റെ രൂപഘടനയായി. പച്ചകലർന്ന നീലയും മീൻ ചുവപ്പുംനിറങ്ങളിൽ പുറമെ നിന്നുള്ള നിരീക്ഷകരെ സംബന്ധിച്ചിടത്തോളം, ഭരണകൂടത്തിന്റേയും പൊതുജനങ്ങളുടേയും ഈ കൂടിച്ചേരൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പൊതുജനപ്രവർത്തനത്തിൽ നിന്നും വേർതിരിച്ചെടുക്കുന്നത് കഠിനതരമാക്കുന്നു. ലോകത്തെ അമേരിക്കാ വിരുദ്ധതയ്ക്ക് ഇന്ധനം പകരുന്നത് ഇതാണ്. അങ്ങനെ വരുമ്പോൾ യു. എസ്. ഗവൺമെന്റ് 'അമേരിക്കാ വിരുദ്ധത'യെ ചെത്തിയെടുക്കയും അതിന്റെ വിശ്വസ്തമായ മാധ്യമ വിക്ഷേപണികൾ ഉപയോഗിച്ച് പെരുപ്പിക്കുകയുംചെയ്യുന്നു. നിങ്ങൾക്കറിയാവുന്ന ആ ദിനചര്യ: "എന്തുകൊണ്ടവർ നമ്മെ വെറുക്കുന്നു അവൻ വെറുക്കുന്നത്. നമ്മുടെ സ്വാതന്ത്ര്യത്തെയാണ്", തുടങ്ങിയവ ഇത് ജനതയ്ക്കിടയിലുള്ള ഒറ്റപ്പെടലിന്റെ വികാരത്തെ വർദ്ധിക്കുകയും സർക്കാരും പൊതുജനവും തമ്മിലുള്ള കെട്ടിപ്പുണരലിന്റെ ആക്കംകൂട്ടുകയും ചെയ്യുന്നു. റെഡ് റൈഡിംഗ് ഹുഡ് കഥയിലെ ചെന്നായയുടെ കട്ടിലിൽ വച്ചുള്ള കെട്ടിപ്പുണരൽ പോലെ.

യു. എസ്. ഗവൺമെന്റ് "ഭീകരതക്കെതിരെയുള്ള യുദ്ധം" പ്രഖ്യാപിച്ച ആദ്യവർഷമല്ല 2001. നോം ചോംസ്കി ഓർമ്മിപ്പിക്കുന്ന പോലെ, മധ്യ അമേരിക്കയിലും മധ്യപൂർവ്വരാജ്യങ്ങളിലും, ആഫ്രിക്കയിലും നടന്ന യു. എസ്. സ്പോൺസർ ചെയ്ത ഭീകരയുദ്ധങ്ങൾക്കിടയ്ക്ക്, 1980 കളിൽ റീഗൻ "ഭീകരത"യ്ക്കെതിരെയുള്ള യുദ്ധം പ്രഖ്യാപിച്ചു. റീഗൻ ഭരണം ഭീകരവാദത്തെ വിളിച്ചത് "സംസ്ക്കാരത്തിന്റെ തന്നെ പ്രഖ്യാപിത ശത്രുക്കൾ പരത്തുന്ന പ്ലേഗ്" എന്നാണ്. ഈ വികാരത്തെ ഉള്ളിൽകണ്ടുകൊണ്ട് 1987ൽ യു. എൻ. ജനറൽ അസംബ്ലി ഭീകരവാദത്തെ കടുത്തവാക്കുകളിൽ അപലപിക്കുകയുണ്ടായി. 153 രാജ്യങ്ങൾ അതിനനുകൂലമായി വോട്ട് ചെയ്തു. ഇസ്രായേലും യു. എസ്. മാത്രമാണ് അതിനെതിരെ വോട്ടുചെയ്തത്. "സ്വയം ഭരണത്തിനുള്ള അവകാശവും സ്വാതന്ത്ര്യവും.... ആ അവകാശങ്ങളിൽ നിന്ന് ശക്തി പ്രയോഗിച്ച് മാറ്റിനിർത്തപ്പെട്ടുന്ന ജനങ്ങളെപ്പറ്റി.... പ്രത്യേകിച്ചും സാമ്രാജ്യത്ത, വംശീയ ഭരണത്തിനും വിദേശ അധിനിവേശത്തിനും അടിപ്പെട്ട ജനങ്ങൾ" തുടങ്ങിയവ പ്രതിപാദിക്കുന്ന ഒരു ഖണ്ഡികയെ അവർ എതിർത്തു. ഓർമ്മിക്കുക, 1987 ൽ ഐക്യനാടുകൾ വർണ്ണവിവേചനം നിലനിന്നിരുന്ന ദക്ഷിണാഫ്രിക്കയുടെ ഒരു പ്രധാനസഖ്യകക്ഷിയായിരുന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സും നെൽസൺ മണ്ടേലും അന്ന് "ഭീകരരാ"യി ചിത്രീകരിക്കപ്പെട്ടു. "വിദേശ അധിനിവേശം" എന്ന പദം പലസ്തീനുമേലുള്ള ഇസ്രായേലിന്റെ അധിനിവേശമായി വായിക്കപ്പെട്ടു.

കഴിഞ്ഞ കുറച്ചു കൊല്ലങ്ങളിൽ "ഭീകരവാദത്തിനെതിരയുള്ള യുദ്ധം", "ഭീകരതയ്ക്ക് എതിരേയുള്ള യുദ്ധമായി" എന്ന് സാമാന്യവത്ക്കരിക്കപ്പെട്ടു. ഒരു ബാഹ്യശത്രുവിന്റെ ഭീഷണി ഉപയോഗിച്ച് നിങ്ങൾക്കുപിന്നിൽ ജനങ്ങളെ അണിനിരത്തുക എന്നത് നൂറ്റാണ്ടുകളായി അധികാരത്തിലേയ്ക്ക് കയറിപ്പോകാൻ രാഷ്ട്രീയക്കാർ ഉപയോഗിക്കുന്ന ക്ഷീണിച്ച പഴഞ്ചൻ കുതിരയാണ്. പക്ഷേ, സാധാരണ മനുഷ്യർ ഈ പഴഞ്ചൻ കുതിരയെ മടുത്ത് മറ്റ് വ്യത്യസ്തമായ എന്തിനെയെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ? ഒരു പഴയ ഹിന്ദിപാട്ടുണ്ട്. "യേ പബ്ലിക് ഹൈ. യേ സബ് ജാൻതി ഹൈ" എന്നിങ്ങനെ പറഞ്ഞുപോകുന്നത്. (പൊതുജനം, അവരെല്ലാം അറിയുന്നു) ആ പാട്ട് ശരിയും രാഷ്ട്രീയക്കാർ തെറ്റുമായിരുന്നെങ്കിൽ എത്രനന്നായിരുന്നു.

ഇറാക്കിനുമേലുള്ള വാഷിംഗ്ടണിന്റെ അവിഹിതമായ കൈയ്യേറ്റത്തിനുംമുമ്പ്, നടത്തിയ ഒരു അന്താരാഷ്ട്ര അഭിപ്രായവോട്ടെടുപ്പ് സൂചിപ്പിലിച്ചത് ഒരു യുറോപ്യൻ രാജ്യത്തിന്റെ 11% ലധികം പേർ ഒരു ഏകപക്ഷീയ യുദ്ധത്തെ അനുകൂലിക്കുന്നില്ല എന്നാണ്. 2003 ഫെബ്രുവരി 15ന് അധിനിവേശത്തിന് ഏതാനും ആഴ്ചകൾക്ക് മുമ്പ്, വടക്കേ അമേരിക്ക ഉൾപ്പെടെയുള്ള വ്യത്യസ്ത ഭൂഖണ്ഡങ്ങളിൽ 10 ദശലക്ഷത്തിലധികം ജനങ്ങൾ യുദ്ധത്തിനെതിരെ പ്രകടനം നടത്തി. എന്നിട്ടും ജനാധിപത്യപരമെന്ന് കരുതപ്പെടുന്ന ഭരണകൂടങ്ങളിൽ പലരും യുദ്ധത്തിൽ പങ്കുചേർന്നു.

ചോദ്യം ഇതാണ്: 'ജനാധിപത്യം' എന്നത് ഇപ്പോഴും ജനാധിപത്യപരമാണോ? ജനാധിപത്യ ഗവൺമെന്റുകൾ അവരെ തെരഞ്ഞെടുത്ത ജനങ്ങളോട് കണക്കുപറയാൻ ബാദ്ധ്യസ്ഥരാണോ? മാത്രമല്ല, അത്യന്തികമായി സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ജനാധിപത്യരാജ്യങ്ങളിലെ ജനങ്ങൾ ഉത്തരവാദികളാണോ?

ആലോചിക്കുകയാണെങ്കിൽ, "ഭീകരവാദത്തിനെതിരെയുള്ള യുദ്ധ"ത്തിന്റെ അടിസ്ഥാന യുക്തിയും ഒന്നുതന്നെ. രണ്ടു ഗവൺമെന്റിന്റെ ചെയ്തികളുടെ കൂലി അവരുടെ സാധാരണ പൗരന്മാർക്കുമേൽ ചുമത്തുന്നു. ഫലസ്തീനിലും സൗദ്യഅറേബ്യയിലും ഇറാക്കിലും അഫ്ഗാനിസ്ഥാനിലും തങ്ങളുടെ രാഷ്ട്രത്തിന്റെ ചെയ്തികൾക്ക് പകരമായി യു. എസ്. എ. പൗരന്മാർ അവരുടെ ജീവൻ കൊടുത്ത് പിഴയടക്കാൻ അൽ ക്വയ്ദ പ്രേരിപ്പിക്കുന്നു. താലിബാന്റെ ചെയ്തികൾക്ക് ആയിരക്കണക്കിന് അഫ്ഗാൻ പൗരന്മാരുടെ ജീവൻ പിഴയായി യു. എസ്. എ. ആവശ്യപ്പെടുന്നു. അതുപോലെ സദ്ദാം ഹുസൈന്റെ ചെയ്തികൾക്ക് പിഴയായി പതിനായിരക്കണക്കിന് ഇറാക്കി പൗരരുടെ ജീവനും.

പ്രധാനപ്പെട്ട വ്യത്യാസം അൽ ക്വയ്ദയേയും താലിബാനേയും സദ്ദാം ഹുസൈനേയും ആരും യഥാർത്ഥത്തിൽ തെരഞ്ഞെടുത്തിട്ടില്ല. എന്നതാണി പക്ഷേ അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുത്തപ്പെട്ടതാണ് (പറച്ചിലില്ലെങ്കിലും...) ഇറ്റലിയിലേയും സ്പെയിനിലേയും യു.കെയിലേയും പ്രധാനമന്ത്രിമാർ തെരഞ്ഞെടുക്കപ്പെട്ടവരാണ്. അങ്ങനെയെങ്കിൽ സദ്ദാം ഹുസൈന്റെ ചെയ്തികൾക്ക് ഇറാക്കികളും താലിബാന്റെ ചെയ്തികൾക്ക് അഫ്ഗാനികളും എത്രമാത്രം ഉത്തരവാദികളാണോ അതിനേക്കാൾ ഉത്തരവാദികളല്ലേ ഈ രാജ്യങ്ങളുടെ ചെയ്തികൾക്ക് അവിടുത്തെ ജനങ്ങൾ എന്നുപറയാൻ സാധിക്കുമോ?

ഏതാണ് "നീതിയുടെ യുദ്ധ"മെന്നും ഏതല്ലെന്നും ആരുടെ ദൈവം തീരുമാനിക്കും? അച്ഛൻ ബുഷ് ഒരിക്കൽ പറഞ്ഞു: "ഞാനൊരി

ക്കലും അമേരിക്കയ്ക്കുവേണ്ടി മാപ്പുചോദിക്കുകയില്ല. വാസ്തവം എന്താണ് എന്ന് ഞാനൊരിക്കലും ഗൗനിക്കുകയുമില്ല" ഏറ്റവും ശക്തിമത്തായ രാഷ്ട്രത്തിന്റെ പ്രസിഡണ്ട് യാഥാർത്ഥ്യം എന്തെന്ന് ഗൗനിക്കുകയുമില്ല" ഏറ്റവും ശക്തമത്തായ രാഷ്ട്രത്തിന്റെ പ്രസിഡണ്ട്, യാഥാർത്ഥ്യം എന്തെന്ന് ഗൗനിക്കുന്നേയില്ലെങ്കിൽ ഏറ്റവും കുറഞ്ഞത് നാം സാമ്രാജ്യയുഗത്തിലേയ്ക്ക് പ്രവേശിച്ചു എന്നെങ്കിലും ഉറപ്പിക്കാവുന്നതാണ്.

അങ്ങനെയെങ്കിൽ സാമ്രാജ്യത്തയുഗത്തിൽ പൊതുജനശക്തിയ്ക്ക് എന്താണർത്ഥം? അതിനെന്തെങ്കിലും അർത്ഥമുണ്ടോ? അത് യഥാർത്ഥ്യത്തിൽ നിലനിൽക്കുന്നുണ്ടോ?

ജനാധിപത്യത്തിന്റെ കാലം എന്ന് പറയപ്പെടുന്ന കാലങ്ങളിൽ പൊതുജനശക്തി ബാലറ്റിലൂടെയാണ് പ്രകടിപ്പിക്കുക എന്ന ആശയത്തെ യാഥാസ്ഥിതിക രാഷ്ട്രീയ വിചാരം മുറുകെപ്പിടിച്ചിരിക്കുന്നു. ഇക്കൊല്ലം ധാരാളം രാഷ്ട്രങ്ങൾ തെരഞ്ഞെടുപ്പിലൂടെ കടന്നുപോയി മിക്കവാറും (മുഴുവനുമല്ല) രാജ്യങ്ങൾക്ക് അവർ വോട്ടുചെയ്ത ഭരണകൂടത്തെയും കിട്ടി. പക്ഷെ അവർക്കാവശ്യമുള്ള ഭരണകുടങ്ങളെയാണോ അവർക്ക് കിട്ടിയത്?

ഇന്ത്യയിൽ ഇക്കൊല്ലം ഞങ്ങൾ വോട്ടുചെയ്ത് ഹിന്ദു ദേശീയവാദികളെ പുറത്താക്കി. അതു ഞങ്ങൾ ആഘോഷിക്കുന്നുണ്ടെങ്കിൽപ്പോലും ഞങ്ങൾക്കറിയാം, അണുബോംബിന്റേയും ഉദാരവത്ക്കരണത്തിന്റേയും സ്വകാര്യവത്കരണത്തിന്റേയും സെൻസർഷിപ്പിന്റേയും വൻകിടഅണക്കെട്ടുകളുടേയും – ഹിന്ദു ദേശീയതയൊഴിച്ച് മറ്റെല്ലാ പ്രധാന പ്രശ്നങ്ങളുടേയും – കാര്യത്തിൽ കോൺഗ്രസ്സും ബി. ജെ. പിയും തമ്മിൽ വലിയ പ്രത്യയശാസ്ത്ര ഭിന്നതയില്ല. കോൺഗ്രസ്സിന്റെ അമ്പതുകൊല്ലത്തെ ഭരണമാണ്. തീവ്രവലതുപക്ഷത്തിനാവശ്യമായ കളം സാംസ്കാരികമായും രാഷ്ട്രീയമായും ഒരുക്കികൊടുത്തത്. ഇന്ത്യൻവിപണിയെ കോർപ്പറേറ്റ് ആഗോളവത്ക്കരണത്തിന് ആദ്യമായി തുറന്നുകൊടുത്തതും കോൺഗ്രസ്സ് പാർട്ടിതന്നെ. ജലത്തിന്റെയും വൈദ്യുതിയുടേയും സ്വകാര്യവത്ക്കരണത്തിനും പൊതുമേഖലയുടെ കൈയ്യൊഴിയലിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർദേശീയവത്ക്കരണത്തിനും ആക്കംകൂട്ടിയ പ്രവൃത്തികൾക്ക് നിയമസാധുത നൽകിയും അവർതന്നെ. വിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും വേണ്ടിയുള്ള തുക വെട്ടിക്കുറച്ചതും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തൊഴിൽനിയമങ്ങളെ ദുർബലമാക്കിയതും അവർതന്നെ. ബി.ജെ. പി. ഈ പ്രക്രിയ, കണ്ണിൽച്ചോരയില്ലാത്ത നടപടികളിലൂടെ മുന്നോട്ടുകൊണ്ടുപോയി.

തെരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ കോൺഗ്രസ്സ് അതിന്റെ മുൻസാമ്പത്തിക നയങ്ങളിൽ ചിലത് പുനഃപരിശോധിക്കുമെന്നുള്ള സൂചന നൽകിയിരുന്നു. തെരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്താൻ ദശലക്ഷക്കണക്കിന് ദരിദ്ര ഇന്ത്യക്കാർ മുന്നോട്ടുവന്നു. ദരിദ്രകർഷകരും വൃദ്ധരും വൈകല്യങ്ങളുള്ളവരും മനോഹരമായ വെള്ളിയാഭരണങ്ങൾ അണിഞ്ഞ പർദ്ദയിട്ട സ്ത്രീകളും ആനപ്പുറത്തും ഒട്ടകപ്പുറത്തും കാളവണ്ടിയുമായി ഇലക്ഷൻ ബൂത്തിലേയ്ക്ക് അവരുടെ ദുർഘടയാത്ര താണ്ടുന്നതിന്റെ തത്സമയ സംപ്രേഷണമായിരുന്നു മഹത്തായ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കെട്ടുകാഴ്ച. ഇന്ത്യയിലെ വിദഗ്ദ്ധരുടേയും തെരഞ്ഞെടുപ്പ് വിചക്ഷണരുടേയും പ്രവചനങ്ങൾക്ക് വിരുദ്ധമായി കോൺഗ്രസ്സ് മറ്റേതൊരു പാർട്ടിയേക്കാളും സീറ്റുകൾ നേടി. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ അവരുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വോട്ടുകൾ നേടി. ഇന്ത്യയിലെ പാവപ്പെട്ടവർ ഉദാരവത്ക്കരണത്തിന്റെ സാമ്പത്തിക "പരിഷ്ക്കരണ"ങ്ങൾക്കും വളർന്നുവരുന്ന ഫാസിസത്തിനുമെതിരെ വ്യക്തമായി വോട്ടുചെയ്തു. വോട്ടെണ്ണി ത്തീർന്ന ഉടനെ, കോർപ്പറേറ്റ് മാദ്ധ്യമങ്ങൾ അവരെ, ഒരു സിനിമാസെറ്റിലെ എക്സ്ട്രാകളെയെന്നപ്പോലെ പറഞ്ഞയച്ചു. ടെലിവിഷൻ ചാനലുകൾ രണ്ടുഖണ്ഡങ്ങളുള്ള സ്ക്രീൻ പ്രദർശിപ്പിച്ചു. പകുതി സ്ക്രീൻ ഐക്യമുന്നണി ഗവൺമെന്റ് ഉരുത്തിരിയുന്ന സ്ഥലമായ സോണിയാ ഗാന്ധിയുടെ വീടിനുപുറത്തെ കോലാഹലങ്ങൾ കാണിച്ചു. മറ്റുപകുതി കോൺഗ്രസ്സ് അതിന്റെ വാഗ്ദാനങ്ങൾ കൃത്യമായി പാലിക്കുമെന്നും അതിനു കിട്ടിയ സമ്മതി നടപ്പിലാക്കുമെന്നും കരുതിയ ഓഹരി ദല്ലാളർ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിനു മുന്നിൽ പരിഭ്രാന്തരായി കൂടുന്നത് കാണിച്ചു. സെൻസെക്സ് ഓഹരിസൂചിക മേലോട്ടും താഴോട്ടും വശങ്ങളിലേയ്ക്കും ചലിക്കുന്നത് നാം കണ്ടു. തങ്ങളുടെ ലിസ്റ്റു ചെയ്യപ്പെട്ട ഓഹരികൾ ചാഞ്ചാടുന്നത് കണ്ട മാധ്യമങ്ങൾ, പാകിസ്ഥാൻ ന്യൂഡൽഹിയിൽ മിസൈൽ വിക്ഷേപിച്ചാലെന്ന പോലെ ഓഹരിച്ചന്തയുടെ തകർച്ച റിപ്പോർട്ടുചെയ്തു.

പുതിയ ഗവൺമെന്റ് അധികാരത്തിൽ കേറുന്നതിനുമുമ്പേതന്നെ തഴക്കം വന്ന കോൺഗ്രസ്സ് നേതാക്കൾ പൊതുമേഖലാ സേവനങ്ങളുടെ സ്വകാര്യവത്ക്കരണം തുടരുമെന്ന് ഓഹരി നിക്ഷേപകർക്കും മാധ്യമങ്ങൾക്കും ഉറപ്പു നൽകുന്ന പ്രസ്താവനകൾ പുറപ്പെടുവിച്ചു. അന്നേരം പ്രതിപക്ഷത്തായ ബി.ജെ. പി. കോമാളിത്തോടെയും ദുർമനസ്സോടെയും നേരിട്ടുള്ള വിദേശ നിക്ഷേപത്തേയും ഇന്ത്യൻവിപണികളുടെ തുറന്നു കൊടുക്കലിനേയും എതിർക്കാൻ തുടങ്ങി.

ഇതാണ് തെരഞ്ഞെടുപ്പു ജനാധിപത്യത്തിന്റെ വ്യാജമായ നിലനിൽപ്പുതന്ത്രം.

ഇന്ത്യൻ ദരിദ്രരെ സംബന്ധിച്ചിടത്തോളം ഒരിക്കൽ വോട്ടുരേഖപ്പെടുത്തിയാൽ അവർ വീട്ടിൽ ചെന്നുകുത്തിയിരിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അവരെക്കൂടാതെ നയങ്ങൾ തീരുമാനിക്കപ്പെടും.

ഐക്യനാടുകളിലെ തെരഞ്ഞെടുപ്പുകളെപ്പറ്റിയോ? യു. എസ്. വോട്ടർമാർക്ക് യഥാർത്ഥതെരഞ്ഞെടുപ്പ് സാധ്യമാണോ?

ശരിയാണ്. ജോൺകെറി പ്രസിഡണ്ടായാൽ ചില എണ്ണരാജാക്കന്മാരും ക്രിസ്ത്യൻ മൗലികവാദികളും വൈറ്റ്ഹൗസിൽനിന്നും മാറിയേക്കും. ഡിക്ക് ചെനിയുടേയും ഡൊണാൾഡ് റംസ് ഫെൽഡിന്റേയും ജോൺ ആഷ്ക്രോഫ്റ്റിന്റേയും പിൻഭാഗം കാണാതിരിക്കുന്നതിനും അവരുടെ വീമ്പുനിറഞ്ഞ തെമ്മാടിത്തം കേൾക്കാതിരിക്കുന്നതിലും ആർക്കും കഷ്ടം തോന്നുകയില്ല. പക്ഷെ യഥാർത്ഥപ്രശ്നമെന്തെന്നാൽ പുതിയ ഭരണസംവിധാനത്തിലും അവരുടെ നയങ്ങൾ തന്നെ തുടരും. അതായത് നമുക്ക് ബുഷ് ഇല്ലാത്ത ബുഷിസം ലഭിയ്ക്കും. ബാങ്കർമാരും സി.ഇ. ഓ മാരും അധികാരത്തിന്റെ യഥാർത്ഥ ഇരിപ്പിടങ്ങൾ വോട്ടിന് വഴങ്ങുന്നവയല്ല (അവർ രണ്ടുവശത്തും സംഭാവന നൽകുന്നു)

ദൗർഭാഗ്യവശാൽ യു.എസ്. തെരഞ്ഞെടുപ്പുകൾ വ്യക്തിത്വത്തിന്റെ പരീക്ഷയായി, ഒരു തരത്തിൽ ദുഷിച്ചിരിക്കുന്നു. സാമ്രാജ്യം കൂടുതൽ നന്നായി ആര് നോക്കിനടത്തും എന്നതിനെ ചൊല്ലിയുള്ള ശണ്ഠ. ബുഷ് എത്ര കഠിനമായി സാമ്രാജ്യം എന്ന ആശയത്തിൽ ജോർജ്ജ് വിശ്വസിക്കുന്നുണ്ടോ അത്രവിശ്വാസം ജോൺ കെറിയ്ക്കും ഉണ്ട്. സൈനിക-വ്യവസായിക-കോർപ്പറേറ്റ് ഘടനയുടെ 'സ്വാഭാവിക' നന്മയെ ചോദ്യം ചെയ്യുന്ന ആരും തന്നെ അധികാരത്തിന്റെ പ്രവേശന ദ്വാരങ്ങളിൽക്കൂടി കടന്നുവരുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന തരത്തിലാണ് യു. എസ്. രാഷ്ട്രീയഘടന ശ്രദ്ധാപൂർവ്വം നിർമ്മിച്ചിരിക്കുന്നത്.

അതിനാൽ ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് രണ്ട് യേൽ യൂണിവേഴ്സിറ്റി ബിരുദധാരികളുണ്ടെന്നതിൽ, രണ്ടുപേരും ഒരു രഹസ്യ സംഘടനയായ സ്ക്കൂൾ ആൺഡ് ബോൺസിലെ അംഗങ്ങളാണെന്നതിൽ, രണ്ടുപേരും കോടീശ്വരന്മാരാണെന്നതിൽ, രണ്ടുപേരും പട്ടാളക്കാരൻ -പട്ടാളക്കാരൻ എന്ന് കാർഡ് കളിക്കുന്നതിൽ രണ്ടുപേരും യുദ്ധത്തെപറ്റി സംസാരിക്കുന്നു എന്നതിൽ, ഭീകരതയ്ക്കെതിരായുള്ള യുദ്ധം ആര് കൂടുതൽ നന്നായ് നയിക്കും എന്ന് ഏതാണ്ട് ബാലിശമായി വാദിക്കുന്നതിൽ, യാതൊരു അത്ഭുതവും തോന്നേണ്ടതില്ല.

തനിക്കുമുമ്പുള്ള പ്രസിഡണ്ടായിരുന്ന ബിൽക്ലിന്റണെപ്പോലെ കെറിയും ലോകത്തിൽ യു. എസിന്റെ സാമ്പത്തികവും സൈനികവുമായ തളഞ്ഞുകയറ്റം വ്യാപിക്കുന്നത് തുടരും. ഇറാക്കിൽ ജനനാശനത്തിനുള്ള ആയുധങ്ങൾ ഇല്ലെന്ന അറിഞ്ഞിട്ടുണ്ടായിരുന്നെങ്കിൽപ്പോലും ഇറാക്കിനെതിരെ യുദ്ധത്തിന് പോകാൻ ബുഷിനെ ചുമതലപ്പെടുത്തുന്നതിന് അൻകൂലമായി വോട്ടുചെയ്യുമായിരുന്നുവെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇറാക്കിലേയ്ക്ക് കൂടുതൽ സൈന്യത്തെ അയക്കാൻ പ്രതിബദ്ധനാണെന്ന് അദ്ദേഹം വാഗ്ദാനം ചെയ്യുന്നു. ഇസ്രായേലിനോടും ഏരിയൽ ഷാരോണോടുമുള്ള ബുഷിന്റെ നയത്തെ "പരിപൂർണ്ണമായി" താൻ പിന്താങ്ങുന്നുവെന്ന് അദ്ദേഹം ഈയിടെ പറയുകയുണ്ടായി. ബുഷിന്റെ നികുതി പിരിവിന്റെ 98% ശതമാനവും നിലനിർത്തുമെന്നും അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്.

അതായത്, അലോസരങ്ങളുടെ കടുത്ത കൊടുക്കൽ വാങ്ങലുകൾക്കടിയിൽ, മിക്കവാറും അതേ മനസ്സാക്ഷി തന്നെയാണുള്ളത്. ഐക്യനാടുകളിലെ ജനങ്ങൾ കെറിയ്ക്ക് വോട്ടു ചെയ്യുകയാണെങ്കിൽപ്പോഴും അവർക്ക് ബുഷിനെകിട്ടും പോലെയാണ് ഇത്. പ്രസിഡണ്ട് ജോൺ കെർ ബുഷ്. അല്ലെങ്കിൽ പ്രസിഡണ്ട് ജോർജ്ജ് ബെറി ഇതൊരു യഥാർത്ഥ തെരഞ്ഞെടുപ്പല്ല. ഇതൊരു ആപേക്ഷികമായ തെരഞ്ഞെടുപ്പാണ്. ഒരു ഡിറ്റർജന്റിന്റെ ബ്രാന്റ് തെരഞ്ഞെടുക്കും പോലെ. നിങ്ങൾ ഐവറിസ്നോ വാങ്ങിയാലും ടൈഡ് വാങ്ങിയാലും രണ്ടിന്റേയും ഉടമസ്ഥത പ്രോക്ടർ ആൻഡ് ഗാംബിളിനുതന്നെ. ■

(തുടരും) കടപ്പാട് : ഫ്രന്റ് ലൈൻ

# തെഹൽക കമ്മീഷൻ

## രാജീവ് ധവാൻ

**തെ**ഹൽക എന്നത് പരിചിതമായ ഒരു വാക്കായിരിക്കുന്നു. ഇന്നത്തെ വിവാദങ്ങൾ മറന്നാൽപ്പോലും നിഘണ്ടുക്കളിലും പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിൽ അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ അനന്യമായ ഒരു രൂപമായി അത് തുടർന്നേക്കും. 2001 മാർച്ച് 13ന് ന്യൂഡൽഹിയിലെ ഇംപീരിയിൽ ഹോട്ടലിൽവെച്ച് ഓപ്പറേഷൻ വെസ്റ്റെൻഡ് സംഘടിപ്പിക്കുന്നതോടെയാണ് അതിന്റെ കഥ തുടങ്ങുന്നത്. പ്രതിരോധ ഇടപാടുകളിലെ അഴിമതിയെ ഒരു വ്യാജ ഓപ്പറേഷൻ പുറത്തുകൊണ്ടുവന്നു. ഒരു ഓഫീസർ കുറ്റസമ്മതിച്ചോടെ, പ്രധാനമന്ത്രി വാജ്പേയി തെഹൽക്കയെ "രാജ്യത്തോട് ഉണരാനുള്ള ഒരാഹ്വാനം" എന്ന് വിശേഷിപ്പിച്ചത് തീർച്ചയായും ശരിയായിരുന്നു. പക്ഷെ അത് ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. പ്രതിരോധ ഇടപാടുകളിലേയ്ക്ക് തിരിയേണ്ടതിനു പകരം ഗവൺമെന്റ് അതിന്റെ രോഷം മുഴുവൻ തെഹൽക്കയ്ക്കു നേരെയാണു തിരിച്ചുവച്ചത്. 2002 മാർച്ച 24ന് ഒരു അന്വേഷണ കമ്മീഷൻ രൂപീകരിപ്പെട്ടു.

നേര് ചികഞ്ഞെടുക്കുന്ന പ്രവൃത്തി തുടങ്ങിവച്ച ഉടനെതന്നെ 2003 നവംബറിൽ അതിന്റെ ഏകകമ്മീഷണർ ജസ്റ്റീസ് വെങ്കട്ടസ്വാമി രാജിവച്ചു. 2004 ജനുവരിയിൽ ജസ്റ്റീസ് എസ്. എൻ. ഫുക്കാന് സ്ഥാനമേൽക്കാൻ വഴിയൊരുക്കികൊണ്ട്, ഫുക്കാൻ കമ്മീഷൻ, തെഹൽക്ക ടേപ്പുകളുടെ ആധികാരികത ദുർബ്ബലമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനായി ഉത്തരവിട്ടു. ഫോറൻസിക് തെളിവുകൾ പ്രകാരം ടേപ്പുകൾ മൗലികമാണെന്ന് ഉറപ്പിച്ചിരുന്നു.

തെഹൽക്ക വളരെ ലാഘവത്തോടെ ഇരയാക്കപ്പെടുകയായിരുന്നു. അന്വേഷിക്കേണ്ടിയിരുന്നത് സാധ്യമായ പ്രതിരോധ ഇടപാടുകളെ കുറിച്ചായിരുന്നു. അത് പുറത്തുകൊണ്ടുവന്ന വ്യക്തികളെ കുറിച്ചായിരുന്നില്ല. 2004 ഒക്ടോബർ 4ന് ഫുക്കാൻ കമ്മീഷനെ അവസാനിപ്പിക്കുകയും വലിയ ശുഷ്ക്കാന്തിയോടെ സി.ബി.. ഐ. നയിക്കുന്ന, പ്രതിരോധ പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങി. മൂല്യവത്തായ രണ്ടരവർഷങ്ങൾ അങ്ങനെ നഷ്ടപ്പെട്ടു.

തെഹൽക്കാ സംഭവങ്ങളിൽ നിന്നും ഇന്ത്യൻ ജനാധിപത്യം ധാരാളം പഠിക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണപരിപാടി അഴിമതികൊണ്ട് പൊതിഞ്ഞിരിക്കുന്നു. ദേശീയ സുരക്ഷയെ സംബന്ധിക്കുന്ന പ്രശ്നങ്ങളായാൽ അത് മാറുന്നില്ല. ഏറ്റവും കഠിനമായ സത്യം എന്തെന്നാൽ അന്വേഷണത്തിന്റെ സാധാരണ നടപടിക്രമങ്ങൾ വഴി കാര്യങ്ങളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരിക അസാധ്യമാണ്.

നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും "വിഷപാമ്പും" "കുഴലൂത്തുകാരനും" ചേർന്നതാണ് സത്യം പുറത്തുകൊണ്ടുവരാനുള്ള ഒരേ ഒരു വഴി. പാർലിമെന്റിലെ ചോദ്യങ്ങൾ കബളിപ്പിക്കുന്ന ഉത്തരങ്ങളിൽ അവസാനിക്കുന്നു. പത്രപ്രവർത്തനാന്വേഷണങ്ങളുടെ സാധാരണ രീതികൾ പരിപൂർണ്ണമായ ഊഹാപോഹങ്ങൾ മാത്രം തരുന്നു. അവ ഓരത്തേയ്ക്ക് അതിവേഗം തോണ്ടിമാറ്റപ്പെടുന്നു. സംശയാലുക്കളായ എന്നാൽ ജിജ്ഞാസുക്കളായ ജനങ്ങൾ സത്യമല്ല, തെളിവാണ് ആവശ്യപ്പെടുന്നത്. സുതാര്യത നിഷേധിക്കപ്പെട്ട ഒരു സമൂഹത്തിലും ഭരണസംവിധാന വ്യവസ്ഥയിലും വിശ്വാസ്യതയും ആശ്രയയോഗ്യവുമായ തെളിവുകൾ തരാൻ കഴിയുക 'വിഷപാമ്പും' 'കുഴലൂത്തുകാരനും' ചേർന്ന ജോടിക്കാണ്. തുറന്നു കാണിക്കലിന്റെ ഈ രണ്ടു രൂപങ്ങളും ഇന്ത്യയിൽ മാരകങ്ങളാണ്.

ബീഹാറിനെക്കുറിച്ചുള്ള സത്യേന്ദ്രനാഥ് ദുബേയുടെ തുറന്നു കാണിക്കൽ അദ്ദേഹത്തിന്റെ കൊലപാതകത്തിൽ അവസാനിച്ചു. ലോ കമ്മീഷൻ നിർദ്ദേശിച്ചപ്രകാരം സുപ്രീം കോടതി 'കുഴലൂത്തുകാരന്റെ' സംരക്ഷണത്തിനു വേണ്ടി വിശാലമായ നയപരിപാടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽപോലും 'കുഴലൂത്തുകാര'നെ ഭരണസംവിധാനത്തിനുള്ളിൽ സംരക്ഷിക്കുക എന്ന യാഥാസ്ഥിതിക രീതിയാണ് എടുത്തിട്ടുള്ളത്. മാധ്യമങ്ങളിൽ കൂടി സംരക്ഷിക്കുക എന്നതല്ല. ഗവൺമെന്റിന് കുഴലൂതുക എന്ന യാഥാസ്ഥിതിക 'കോമൺ വെൽത്ത് നയ'ത്തിന്റെ പിന്തുടരലാണ് ഇത്. പൊതുജനങ്ങളിലേക്ക് പോകുക എന്ന കുറച്ചുകൂടി സ്പഷ്ടമായ അമേരിക്കൻ നയമല്ല. എല്ലാ ഭരണകർത്താക്കളും ഓരോ പ്രശ്നത്തിനും മാധ്യമങ്ങളിലേക്ക് ഓടിയെത്തുക തീർച്ചയായും നടപ്പുള്ള കാര്യമല്ല. പക്ഷേ വ്യവസ്ഥകളിലെ പരാതികളെന്നത് അപര്യാപ്തമായ പ്രശ്നപരിഹാരങ്ങളാണ്. എന്നാൽ

വ്യവസ്ഥക്കുള്ളിലെ ആളുകൾ ഭീരുക്കളായിരിക്കുമ്പോൾ, പുറമെ നിന്നുള്ള വിഷദംശനങ്ങൾ മാരകമല്ലാതിരിക്കുന്നില്ല. ഈ മണ്ണിലേയ്ക്കാണ് സാമ്പത്തികമായും സാങ്കേതികമായും തെഹൽക്ക ഓടിക്കയറിയത്. സഹിക്കാവുന്ന എല്ലാ സമ്മർദ്ദങ്ങളും തെഹൽക്കുമേൽ പ്രയോഗിച്ചു. അതിന് സഹായം ചെയ്യുന്ന എല്ലാവരേയും ഇൻകംടാക്സ് റെയ്ഡു നടത്തി. സഹകാരികളെ ജയിലിൽ അയച്ചു. അന്വേഷണം തെഹൽക്കയുടെ ആത്മാവിനെ ബാധിച്ചില്ല. പക്ഷെ അതിന്റെ സാമ്പത്തികമായ നട്ടെല്ലൊടിച്ചു കളഞ്ഞു.

തെഹൽക്കാ രീതിയിലുള്ള 'വിഷദംശനം' ധാർമ്മികമാണോ എന്നതിനെപ്പറ്റി ധാരാളം ചർച്ചകൾ നടന്നു. സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, സാധാരണ രീതികളുടെ ലംഘനം ഓപ്പറേഷന്റെ ഭാഗമായി സ്ത്രീകളെ ഉപയോഗിക്കൽ, യാഥാസ്ഥിതിക വിരുദ്ധമായ ഇന്റർവ്യൂകൾ തുടങ്ങിയ കാര്യങ്ങളിൽ. മാനനഷ്ടക്കേസുകളിൽ, പൊതുജനങ്ങൾക്കുനേരെ തുറന്നു കാണിക്കുക എന്ന അമേരിക്കൻ സങ്കല്പമനുസരിച്ച്, സുപ്രീം കോടതി ഓട്ടോ ശങ്കർ കേസിൽ (1994) പൊതുപ്രവർത്തകർക്ക് പൊതുജനങ്ങളിൽനിന്നും യാതൊന്നും മറച്ചു വെയ്ക്കാനില്ലെന്നും, പൊതുജനങ്ങൾക്ക് സത്യമെന്തെന്നറിയാനുള്ള അർഹതയുണ്ടെന്നും ഓർമ്മിപ്പിക്കുകയുണ്ടായി.

അറിയാനുള്ള അവകാശം നിയമപ്രകാരം അതിന്റെ സ്ഥാനം കണ്ടെത്തിയിട്ടുണ്ട്. പക്ഷെ അത് ദുർബലവും ആവശ്യമുള്ളിടത്തോളം ജനപിന്തുണ ആർജ്ജിക്കാത്തതുമാണ്. അവയ്ക്ക് അകത്തുള്ള അറിവുകളും പുറത്തേയ്ക്കുള്ള തുറന്നു കാട്ടലും തമ്മിൽ ബന്ധിപ്പിച്ച് ഇന്ത്യൻ ഭരണരീതിയ്ക്കുള്ളിൽ സത്യവും കാര്യക്ഷമതയും ഉറപ്പു വരുത്താനാകുന്നില്ല.

ഇത് നമ്മെ പ്രശ്നത്തിന്റെ രണ്ടാം ഭൂമികയിലേയ്ക്ക് ആനയിക്കുന്നു. അന്വേഷണകമ്മീഷനുകളുടെ പങ്കാളിത്തത്തെക്കുറിച്ച്. ഒന്നാം ലോകമഹായുദ്ധത്തിനിടയിലുണ്ടായ മർക്കോണി പ്രശ്നത്തിനുശേഷം ഇംഗ്ലണ്ടിൽ ആവിഷ്ക്കരിച്ച ഈ രീതിപ്രകാരം, അന്വേഷണകമ്മീഷൻ സത്യം കണ്ടെത്തിയാൽ അതിന്റെ ഒരു വസ്തുനിഷ്ഠ പ്രതിഫലനം എന്ന നിലയ്ക്ക് തുടർനടപടികൾ എടുക്കേണ്ടതാണ്. ഇന്നത്തെ കമ്മീഷനുകൾക്ക് അവയുടെ നിലയും വിലയും നഷ്ടപ്പെട്ടിരിക്കുന്നു. ഭരണത്തിന്റെ സഫലമായ ഉപകരണങ്ങൾ എന്ന നിലയിലുള്ള കമ്മീഷനുകളുടെ ബഹുമതിക്കുമേൽ തെഹൽക്കാ അദ്ധ്യായങ്ങൾ അവസാന ആണിയും അടിച്ചിരിക്കുന്നു. നെഹ്റുയുഗത്തിൽ കമ്മീഷനുകൾ ദ്രുതഗതിയിൽ പ്രവർത്തിച്ച് കേന്ദ്ര ധനകാര്യമന്ത്രിയായിരുന്ന ടി.ടി കൃഷ്ണമാചാരിയുടേയും പഞ്ചാബ് പ്രധാനമന്ത്രിയായിരുന്ന പ്രതാപ് സിംഗ് കൈറോണിന്റേയും രാജിയിൽ കാര്യങ്ങളെ എത്തിച്ചു. ഇന്നാകട്ടെ കമ്മീഷൻ എന്നത് ഒരു പ്രതിരോധായുധമാണ്. സ്റ്റെയിൻസ് കൊലപാതകക്കേസിൽ വാധ്വാ കമ്മീഷൻ ദ്രുതഗാമിയായിരുന്നു. പക്ഷെ, കുറ്റവാളിയെ ചൂണ്ടിക്കാണിക്കുന്നതിൽ അത് ചാഞ്ചാടുന്നതായിരുന്നു.

മുംബൈ കലാപത്തെക്കുറിച്ചുള്ള ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ടിനെപ്പോലുള്ളവയാകട്ടെ, അവഗണനയ്ക്ക് ഇരയായി. 2004 ഒക്ടോബർ 13-ാം തിയ്യതി, 1993ലെ കുംഹർ ദളിത് കൂട്ടക്കൊലയെപ്പറ്റി 1996ൽ പൂർത്തിയാക്കിയ ലോധാ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനനിയമസഭയിൽ വയ്ക്കാൻ രാജസ്ഥാൻ ഹൈക്കോടതി നിർദ്ദേശിച്ചു. 1992ലെ ബാബറി മസ്ജിദ് തകർച്ചയെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച ലിബർഹാൻ കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിക്കാതെ അനന്തമായി തുടരുകയാണ്. രാഷ്ട്രീയ പരിഗണനകൾ മൂലം കമ്മീഷൻ അന്വേഷണങ്ങൾ ദീർഘമായി തുടരുതെന്ന്. ഹരിയാന കേസിൽ (2003) സുപ്രീം കോടതിയുടെ മുന്നറിയിപ്പ് നിലവിലിരിക്കുന്നുണ്ട്.

കമ്മീഷൻ, നയങ്ങളെപ്പറ്റിയുള്ള പുനർവിചിന്തനമാണ്. മറിച്ച് കുറ്റവാളികളെ ശിക്ഷിക്കാനുള്ള ആമുഖമല്ല എന്ന് കോടതി കൃത്യമായി നിർദ്ദേശിക്കുകയുണ്ടായി. ഒരു തരത്തിൽ രാജീവ് ഗാന്ധി വധക്കേസ് അന്വേഷിച്ച ജസ്റ്റീസ് ജെ.എസ്.വർമ്മ ഈയൊരു അർത്ഥമാണ് എടുത്തത്. അതിനാലാണ് സുരക്ഷാനയങ്ങൾ പരിശോധിക്കപ്പെട്ടത്.

തെഹൽക്കാ കമ്മീഷന്റെ പിരിച്ചുവിടലിനെപ്പറ്റി നാം പരിശോധിക്കേണ്ടതും വിധി കല്പിക്കേണ്ടതും ഈയൊരു പശ്ചാത്തലത്തിലാണ്. അതൊരു യഥാർത്ഥ അന്വേഷണകമ്മീഷൻ ആയിരുന്നില്ല. അതൊരു മറച്ചുവെയ്ക്കൽ കമ്മീഷൻ ആയിരുന്നു. അത് നിലവിലിരുന്നപ്പോൾ ചർച്ചകളേയും പ്രവർത്തനങ്ങളേയും ഭരിച്ചിരുന്നത് 'കാത്തിരുന്നു കാണുക' എന്ന ഒരു മനോഭാവമായിരുന്നു. കമ്മീഷന്റെ ഫ്രെയിം ഓഫ് റെഫറൻസിലെ നാലാം അനുച്ഛേ തെഹൽക്കായെ ദുർബലപ്പെടുത്താനും ഉപദ്രവിക്കുന്നതിനും ഉദ്ദേശിച്ചാണ്. യഥാർത്ഥത്തിൽ തെഹൽക്കയായിരുന്നു കമ്മീഷന്റെ പ്രമുഖവിഷയം. 2002 ജനുവരി 16 ൽ ഈ ടേപ്പുകൾ യഥാർത്ഥമാണെന്ന് ജസ്റ്റീസ് വെങ്കട്ടസ്വാമിയുടെ കണ്ടുപിടുത്തത്തിനുശേഷം 2003 ജൂലൈ 3-ാം തിയതി ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റീസ് സരിൻ ടേപ്പുകൾ ഫോറൻസിക് പരിശോധന നടത്തേണ്ടതില്ല എന്നു വിധിയെഴുതി. അതോടെ നിലയ്ക്കാത്ത യുദ്ധം പൊട്ടിപുറപ്പെട്ടു.

2004 മെയ് 9ന് ജസ്റ്റിസ് ഫുക്കാൻ സ്ഥാനമേറ്റതോടെ ഫോറൻസിക് പരിശോധനയ്ക്ക് ഉത്തരവിട്ടു. ടേപ്പുകൾ മാറ്റിയെഴുതാൻ സഹിക്കുന്നതല്ല എന്ന് അസന്ദിഗ്ദ്ധമായി ഫോറൻസിക് പരിശോധന തെളിയിച്ചു. ഇത്തരം നിയമപരമായ തന്ത്രങ്ങൾ കമ്മീഷനെ പാളം തെറ്റിച്ചു. പതിനഞ്ച് പ്രതിരോധ ഇടപാടുകളെക്കുറിച്ചുള്ള ജസ്റ്റീസ് വെങ്കട്ടസ്വാമിയുടെ കണ്ടെത്തലുകൾ ഒരിക്കലും ഉപരിതലത്തിലെത്തിയില്ല.

ഇതിനിടയിൽ 2001 മെയ് 26ന് മന്ത്രിസഭയുടെ 'സ്വന്തം' ബഗായ് കമ്മിറ്റി ചില കരസേനാ ഓഫീസർമാരുടെ കുറ്റകൃത്യങ്ങളെ സംഗ്രഹിച്ചു. ഒരു അന്വേഷണസംഘം അവർക്കെതിരെ പ്രഥമദൃഷ്ടാ കേസുണ്ടെന്ന് ശരിവച്ചു. പാർട്ടിഫണ്ടുകൾക്കുവേണ്ടി കൈക്കൂലിവാങ്ങാനുള്ള വ്യത്യസ്ത രാഷ്ട്രീയക്കാരുടെ സന്നദ്ധത ഉറപ്പിക്കുകയും തുറന്നുകാണിക്കുകയുമായിരുന്നു. തെഹൽക്കാ അന്വേഷണം. ആ കൈക്കൂലി രാഷ്ട്രീയ പാർട്ടികൾക്കുവേണ്ടിയാണ് എന്നതുകൊണ്ടുമാത്രം അത് ഉന്നതവും മൂല്യവത്തായതുമായ ഉദ്ദേശം ആകുന്നില്ല. ഇതിനെല്ലാം ശേഷമാണ് ഫുക്കാൻ കമ്മീഷൻ നിയമപരമായ അന്വേഷണത്തിനായി സ്ഥാപിക്കപ്പെടുന്നത്. 2004 ഒക്ടോബർ 4ന് കേന്ദ്രഗവൺമെന്റ് തെഹൽക്കാ കമ്മീഷനെ കൃത്യമായി അവസാനിച്ചു.

കമ്മീഷനുകൾ ചെലവേറിയതും അനങ്ങാത്തതുമായിക്കൊണ്ടിരിക്കുന്നു. ഒരു ഉപകാരപ്രദമായ ദൗത്യ നിർവ്വഹണത്തിന് കഴിവില്ലാതായിരിക്കുന്നു അവ.അന്വേഷണകമ്മീഷനുകൾക്കുമേൽ ഇന്ത്യയ്ക്കുണ്ടായിരുന്ന വിശ്വാസം കൈമോശം വന്നിരിക്കുന്നു അഴിമതികളേയും കുറ്റകൃത്യങ്ങളേയും സംബന്ധിച്ചപ്രശ്നങ്ങൾ ബലവത്തായ ക്രിമിനൽഅന്വേഷണങ്ങൾ വഴി വേണം കൈകാര്യം ചെയ്യാൻ. ഇന്ന് ഇന്ത്യയുടെ അന്വേഷണകമ്മീഷനുകൾ വെളിപ്പെടുത്തുന്നവയല്ല, മറിച്ച് അത് പേടിപ്പെടുത്തുന്നതിനുള്ള ഉപകരണമാണ്. ■

(കടപ്പാട് : ഹിന്ദു ദിനപത്രം)

# ജനനീതി പ്രമേയങ്ങൾ

**(2004 സെപ്തംബർ 19ന് നടന്ന ജനനീതിയുടെ പതിമൂന്നാമത് വാർഷിക പൊതുയോഗത്തിൽ പാസ്സാക്കിയത്)**

## നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ദുരുപയോഗപ്പെടുത്തുന്നു

ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സന്ദർഭത്തിൽനിന്നും അടർത്തിമാറ്റി വർഗീയ വിദ്വേഷവും സാമൂഹിക ശൈഥില്യവും വളർത്താൻ തല്പരകക്ഷികൾ ദുരുപയോഗിക്കുന്നതായി ജനനീതി ആശങ്കപ്പെടുന്നു.

സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയം ഭരണസ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികൾ ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും പിന്നോക്ക സമുദായങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ള പ്രാതിനിധ്യത്തിന്റെ പര്യാപ്തകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചത് . നിജസ്ഥിതി അറിയിക്കുകയായിരുന്നു കമ്മീഷന്റെ ജോലി. പരിഹാരങ്ങളൊന്നും കമ്മീഷൻ റിപ്പോർട്ടിലില്ല. താഴെപ്പറയുന്ന വസ്തുതകളാണ് കമ്മീഷൻ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

1. എല്ലാ സമുദായങ്ങൾക്കും മതിയായ പ്രാതിനിധ്യം കിട്ടിയിട്ടില്ല.
2. പ്രാതിനിധ്യം ഉറപ്പാക്കാൻ സംവരണനയം തുടരുകയാണ് യുക്തമായ വഴി.
3. സംവരണത്തിന്റെ ചുവടുപിടിച്ച് ചില സമുദായങ്ങൾ മുന്നിലെത്തി. എന്നാൽ മറ്റ് സമുദായങ്ങൾ ഏറെ പിന്നിലാണ്.
4. മുന്നിലെത്തിയ സമുദായങ്ങളുടെ വിജയത്തിന് സഹായിച്ചത് സമുദായാംഗങ്ങൾക്ക് ലഭിച്ച ഉയർന്ന വിദ്യാഭ്യാസമാണ്. അതുപോലെ അംഗങ്ങൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കാൻ കഴിഞ്ഞാൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങളെയും മുൻനിരയിലെത്തിക്കാൻ കഴിയും.

ഇവയുടെ പശ്ചാത്തലത്തിൽ യുക്തമായ നടപടികൾ യഥാകാലം വരുന്ന സർക്കാരുകൾകൈക്കൊള്ളുമെന്ന പ്രതീക്ഷയാണ് കമ്മീഷൻ പ്രകടിപ്പിച്ചിട്ടുള്ളത്.

പിന്നോക്കം നില്ക്കുന്ന സമുദായങ്ങളുടെ വളർച്ചയ്ക്ക് ഏക പോംവഴി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തലാണെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അർത്ഥം സമുദായത്തിലെ ഏതാനും വ്യക്തികൾക്ക് വിദ്യാഭ്യാസത്തെ വ്യവസായവൽക്കരിക്കാൻ വിട്ടുകൊടുക്കണമെന്നല്ല. സമുദായത്തിന്റെ പുരോഗതി ഉറപ്പുവരുത്തണമെങ്കിൽ, സമുദായത്തിലെ അടിത്തട്ടിൽ കിടക്കുന്ന ദരിദ്ര ലക്ഷങ്ങൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സൗജന്യമായും നിർബന്ധമായും നല്കിക്കൊണ്ട്, സമുദായാംഗങ്ങളെ ഉയർന്ന പദവികൾ അർഹതയോടെ കയ്യടക്കാൻ പ്രാപ്തരാക്കുകയെന്നതാണ്. അർഹതയിൽ വെള്ളം ചേർക്കുകയെന്നതാകരുത് സംവരണത്തിന്റെ ലക്ഷ്യം. അർഹത കൈവരിക്കാൻ ഉതകുന്ന മേത്തരം വിദ്യാഭ്യാസം സമുദായത്തിലെ അംഗങ്ങൾക്ക് സൗജന്യമായും സാർവ്വത്രികമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് ഈ ഭാഗത്ത് ഭരണ കൂടത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും സമുദായ നേതൃത്വങ്ങളുടെയും കടമയെന്ന് ജനനീതി വിശ്വസിക്കുന്നു.

## സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് പാർട്ടി രാഷ്ട്രീയ പ്രവർത്തനം അരുത്.

കേരളത്തിൽ സ്വകാര്യ കോളേജുകളിലും സ്കൂളുകളിലും അധ്യാപകരായിരിക്കുന്നവർ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകരും ജനപ്രതിനിധികളുമായി കലഹ-കലാപ രാഷ്ട്രീയത്തിലുണ്ട്. അധ്യാപകരെന്ന നിലയിൽ ഉയർന്ന വേതനം പറ്റുന്ന ഇക്കൂട്ടർക്ക് അധ്യാപനം തിരക്കേറിയ രാഷ്ട്രീയ കോലാഹലങ്ങൾക്കിടയിൽ വീണുകിട്ടുന്ന ഇടവേളകളിലെ വെറും വിനോദം മാത്രം. യു. ജി. സി. വ്യവസ്ഥകളുടെ നഗ്നമായ ലംഘനവും വിദ്യാർത്ഥി സമൂഹത്തോടുള്ള അപരാധവും ധാർമ്മിക മൂല്യങ്ങളുടെ നിരാസവും ഇത്രയേറെ സംഭവിക്കുമ്പോഴും ഭരണകൂടവും നിയമ വ്യവസ്ഥകളും നിസംഗത നടിക്കുന്നത് പൊതു സമൂഹത്തിനെതിരെയുള്ള കുറ്റകൃത്യമായി ജനനീതി കരുതുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് അനുവദിക്കപ്പെടാത്ത ഒരു ആനുകൂല്യം, സർക്കാരിൽനിന്നും നേരിട്ട് വേതനം പറ്റുന്ന സ്വകാര്യ മേഖലയിലെ അധ്യാപകർക്ക് നല്കുന്നത് തുല്യനീതിയുടെ ലംഘനവും, തെറ്റായ കീഴ്വഴക്കവുമാണ്. ഇളംതലമുറയ്ക്ക് മുമ്പിൽ മാതൃകയായിരിക്കേണ്ട അധ്യാപകർ ഇക്കാരണത്താൽ കലാപ-കലഹ രാഷ്ട്രീയ പകപോക്കലുകളുടെയും, സംഘടിത അക്രമങ്ങളുടേയും, മറ്റ് നിരവധി അധമ പ്രവർത്തനങ്ങളുടേയും നേതൃത്വം ഏറ്റെടുക്കുന്നതും, കുപ്രസിദ്ധങ്ങളായ വിവാദങ്ങളിലും കുഭകോണങ്ങളിലും പ്രതികളാകുന്നതും സാധാരണ സംഭവങ്ങളായിരിക്കുന്നു. അധ്യാപനത്തേക്കാൾ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനരംഗം രാഷ്ട്രീയമാണെന്ന് സ്വയം തിരിച്ചറിയുന്നവർ അധ്യാപനരംഗത്ത് നിന്നും സ്വയം വിരമിച്ചശേഷം മാത്രം രാഷ്ട്രിയത്തിൽ ഇറങ്ങുന്നുവെന്ന് സർക്കാർ നിയമം മൂലം ഉറപ്പുവരുത്തണമെന്ന് ജനനീതി നിർദ്ദേശിക്കുന്നു.

## സ്വാശ്രയ വിദ്യാഭ്യാസമേഖല അക്ഷരം വില്ക്കുന്ന അങ്ങാടികൾ

സ്വാശ്രയ വിദ്യാഭ്യാസമെന്ന പേരിൽ പ്രൊഫഷണൽ പഠനം ധനവാന്മാർക്ക് മാത്രം പ്രാപ്യമായ മേഖലയാക്കിമാറ്റിയ ബഹുജനവിരുദ്ധ രാഷ്ട്രീയ തീരുമാനങ്ങളെ ജനനീതി അപലപിക്കുന്നു. പഠനവിഷയത്തോടുള്ള അർപ്പണത്തിലുപരി പഠനംമൂലം കൈവരിക്കാവുന്ന സാമ്പത്തിക സാമൂഹിക നേട്ടങ്ങളെ മാത്രം സ്വപ്നം കാണുന്ന ഒരു തലമുറയെ വാർത്തെടുക്കുവാനേ ഇതുമൂലം സാധിക്കുകയുള്ളു. വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്ന കാപട്യസംസ്ക്കാരം മൂലം ഒരു തലമുറയ്ക്കുണ്ടാകാവുന്ന മൂല്യച്ച്യുതി സമൂഹനിലനില്പിനെതകിടം മറിച്ചേക്കാം. പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. ഉപഭോഗ സംസ്ക്കാര പോഷണത്തിന്റെ മറ്റൊരു ഇടമാക്കി പ്രോഫഷണൽവിദ്യാഭ്യാസത്തെ മാറ്റുവാൻ മാത്രമേ സ്വാശ്രയ വിദ്യാഭ്യാസമെന്ന അഭ്യാസത്തിന് സാധിക്കുന്നുള്ളു. സ്വാശ്രയ വിദ്യാഭ്യാസമെന്ന പേരിലുള്ള കച്ചവടം സമൂഹത്തിലുയർത്തുന്ന മൂല്യച്യുതിയിൽ ജനനീതി ഉത്ക്കണ്ഠപ്പെടുന്നു.

## ഭൂമിയിന്മേലുള്ള ആദിവാസികളുടെ അവകാശം

ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി അവർക്ക് തിരിച്ചു നല്കണമെന്ന ആവശ്യം പതിറ്റാണ്ടുകളായി കേരള സർക്കാരിന്റെ മുമ്പിലുണ്ട്. അധികാര പീഠത്തിൽ കയറിയിറങ്ങിയ എല്ലാ മുന്നണികളും യഥാകാലം വാഗ്ദാനങ്ങൾ വിളംബരം ചെയ്യുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പൊള്ളയായ വാക്കുകളല്ലാതെ ആത്മാർത്ഥമായ നടപടികളൊന്നും ആരുടേയും ഭാഗത്തുനിന്നും ഉണ്ടായതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഭൂമിയും പുരയിടവും നഷ്ടപ്പെട്ട മുഴുവൻ ആദിവാസി കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിലൂടെ സർക്കാർ തങ്ങളുടെ ഭരണഘടനാപരമായ ചുമതലകൾ നിറവേറ്റണമെന്നും, ചരിത്രത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ആദിവാസി ഭൂമി ഇനിയൊരിക്കലും അവർക്ക് കൈമോശം വരാതിരിക്കത്തക്കവിധം നിയമത്തിലും ഭരണ സംവിധാനങ്ങളിലും പഴുതുകളില്ലാതെ വ്യവസ്ഥകൾ ഉറപ്പുവരുത്തണമെന്നും, ആദിവാസി പുനരധിവാസം സമയബന്ധിതമായ നടപടിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കണമെന്നും ജനനീതി ആവശ്യപ്പെടുന്നു.

## കേരള സൂപ്പർ ഹൈവേ പദ്ധതി ജനവിരുദ്ധം

വികസന പദ്ധതികൾ നടപ്പിലാക്കുന്നത് മുമ്പ് അത്തരം പദ്ധതികളുടെ പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഗൗരവമായി കണക്കിലെടുക്കണം എന്നതാണ് കേന്ദ്രനിയമം ആവശ്യപ്പെടുന്നത്. കേരളത്തിൽ വലിയ വിവാദമായിരിക്കുന്ന അതിവേഗ മഹാപാതയുടെ സാമ്പത്തികവും പാരിസ്ഥിതികവുമായ ഭവിഷ്യത്തുക്കളിലേക്ക് കടക്കാതെതന്നെ, കേരളത്തിലെ ഉപരിതലഗതാഗതം സുഗമമാക്കുന്നതിന് അടിയന്തിരമായി ചെയ്യേണ്ടത് നിലവിലുള്ള റോഡുകളുടെ വികസനവും സംരക്ഷണവുമാണെന്ന് ജനനീതി നിർദ്ദേശിക്കുന്നു. ദേശീയ പാതകൾ വികസിപ്പിക്കുകയും പാലങ്ങളുടെ വീതിയും ഉറപ്പും വർദ്ധിപ്പിക്കുകയും, റോഡുകളെ കാര്യക്ഷമമായി ബന്ധിപ്പിക്കുകയും, തിരുവനന്തപുരം - കാസർഗോഡ് റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുകയും, റെയിൽവേ വൈദ്യുതികരണം പൂർത്തിയാക്കുകയും ഉൾനാടൻ ജലഗതാഗത പാതകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുകയും ചെയ്യുകയാണ്. ജനവിരുദ്ധമായ മഹാപാത സംരംഭത്തിൽനിന്നും ഉടൻ പിന്തിരിയണമെന്ന് ഭരണകൂടത്തോടും ജനപ്രതിനിധികളോടും ജനനീതി ആവശ്യപ്പെടുന്നു.

## എയ്ഡ്സ് രോഗികളോടും ആശ്രിതരോടും മനുഷ്യത്വം കാട്ടണം

HIV / AIDS മറ്റേതൊരു മാരക രോഗത്തേയും പോലെ മനുഷ്യകുലം നേരിടേണ്ടിവന്ന വിപത്താണ്. രോഗാവസ്ഥയെ നേരിടേണ്ട രീതി വെടിഞ്ഞ് അസ്പൃശ്യരും, വെറുക്കപ്പെടേണ്ട വരുമാണ് രോഗികളെന്ന ഒരു ധാരണ ഈ മഹാരോഗത്തെ ഗ്രസിച്ചിരിക്കുന്നു. ശാസ്ത്രീയ പഠനങ്ങളെ അവഗണിച്ച് ഈ രോഗികളെ സമൂഹം ഒട്ടകലത്തിൽ നിർത്തുവാൻ ശ്രദ്ധിക്കുന്നു. HIV / AIDS ബാധിതരുടെ കുട്ടികളും, കുടുംബങ്ങളും അവരുടേതല്ലാത്ത കുറ്റത്താൽ സമൂഹത്തിൽനിന്നും നിഷ്കാസിതരും, അവഗണിക്കപ്പെടുന്നവരുമായി മാറുന്നു. ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾകൂടി നിഷേധിക്കപ്പെടുന്ന തലത്തിലേക്ക് സമൂഹം മാറുന്നു.

രോഗത്തോടുള്ള പരിഷ്കൃത സമൂഹത്തിന്റെ അപരിഷ്കൃത നിലപാടുകളിൽ ജനനീതി ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും അധികാരികളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

# വധശിക്ഷ : പ്രതികരണങ്ങൾ

## 1. ടി. വി. അച്ചുതവാര്യർ

ധനഞ്ജയ പ്രശ്നത്തിൽ സംസ്കാരത്തെ കൂട്ടുപ്രതിയാക്കിയത് ശരിയായില്ലെന്നു പറയേണ്ടതുണ്ട്. എന്നാൽ ഒരു ആധുനിക സമൂഹത്തിൽ വധശിക്ഷ നിലനിർത്തുന്നത് നിരർത്ഥകമാണ്. അത് ശിക്ഷയല്ല, മോക്ഷമാണ്. വധശിക്ഷ കിട്ടുമെന്ന ഭീതികൊണ്ട് ഒരാളും കുറ്റകൃത്യത്തിൽ ഏർപ്പെടാതിരിക്കുകയില്ല. ധനഞ്ജയൻ ചെയ്തതുപോലെയുള്ള ക്രൂരകൃത്യം ഒരുതരം ഞരമ്പുരോഗത്തിന്റെ ഫലമാണ്. കുറ്റകൃത്യം ചെയ്യുന്നതിൽനിന്ന് ഒരാളെ പിൻതിരിപ്പിക്കുന്നതാകണം ശിക്ഷ. ഞരമ്പുരോഗികളെ കുറ്റകൃത്യങ്ങളിൽനിന്ന് പിൻതിരിപ്പിക്കാൻ ഒരു ശിക്ഷക്കും സാധ്യമല്ല. അടിക്ക് തിരിച്ചടി എന്ന പ്രാകൃതനിയമത്തിന്റെ സന്തതിയാണ് വധശിക്ഷ. ഒരു നാഗരിക സമൂഹത്തിനും അത് യോജിച്ചതല്ല.

1. കൊടുക്കാൻ കഴിയാത്തത് എടുക്കരുത് എന്ന തത്വമനുസരിച്ച് ഒരാളുടെ ജീവനെ എടുക്കാൻ ആർക്കും അധികാരമോ അവകാശമോ ഇല്ല.

2. വധ ശിക്ഷക്കിരയാകുന്നവന് ഒന്നും സംഭവിക്കുന്നില്ല. എന്നാൽ ശിക്ഷ നടപ്പാക്കുന്നവർ ഭീകരമായി ദണ്ഡിക്കപ്പെടുന്നു. വധശിക്ഷനടപ്പാക്കുന്ന ആരാച്ചാരുടെ ശിഷ്ട ജീവിതം എത്ര ഭീകരമായിരിക്കും. വധശിക്ഷക്കുവിധിക്കുന്ന ജഡ്ജി വിധിയിൽ ഒപ്പിട്ടുകഴിഞ്ഞാൽ, ഒപ്പിടാൻ ഉപയോഗിച്ച പേന ഒടിച്ചുകളയുമെന്ന് കേട്ടിട്ടുണ്ട്. വിധിയെഴുതുന്ന ജഡ്ജിക്കുപോലും, സകലവിധന്യായാന്യായ വിവേചനങ്ങളും നടത്തിയ ആൾക്കുപോലും വധശിക്ഷയെഴുതുന്നത് അത്രയും ഭീകരമാണെങ്കിൽ, ആ തടവുകാരനെ വധശിക്ഷനടപ്പാക്കാൻ പിടിച്ചുകൊണ്ടുപോകുന്നവർക്കും, വധശിക്ഷനടപ്പാക്കുന്ന ആരാച്ചർക്കും അതെത്രമാത്രം ഭീകരമായിരിക്കണം.

3. ഒരു ഞരമ്പുരോഗിയെ, ഒരുകിരാതനെ, കൊല്ലുന്നതുകൊണ്ട് ആർക്കും ഒരു നേട്ടവുമില്ല. ഇത്തരക്കാർക്കുള്ളതാണ് ജയിൽ. സമൂഹത്തെ ഇത്തരക്കാരിൽ നിന്ന് രക്ഷിക്കുക എന്നതാണ് ഭരണാധികാരിയുടെ ചുമതല. ആയുഷ്ക്കാലം ജയിലിലിടുക എന്നതാണ് അതിനുള്ള മാർഗ്ഗം. അതുകൊണ്ട് സമൂഹത്തിന് സുരക്ഷിതത്വം ലഭിക്കുമെന്നുമാത്രമല്ല, ആ തടവുകാരന്റെ കഠിനാധ്വാനത്തിലൂടെ സമൂഹത്തിന് നേട്ടമുണ്ടാക്കാനും കഴിയും. രണ്ടു നൂറ്റാണ്ടുകൾക്കുമുമ്പ് തൃശ്ശൂർ-എറണാകുളം റോഡ് നിർമ്മിച്ചത് തടവുകാരെ പണിക്കിറക്കിയായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. തടവുകാരനെ കൊല്ലുകയോ തീറ്റകൊടുത്ത് വളർത്തുകയോ അല്ല വേണ്ടത്, സമൂഹത്തിനെതിരെ ചെയ്ത ദ്രോഹത്തിന് കഠിനാധ്വാനത്തിലൂടെ നഷ്ടപരിഹാരമുണ്ടാക്കിക്കുകയാണ് വേണ്ടത്. ഇന്ത്യയിലെ ജയിലുകളിൽ ശിക്ഷിക്കപ്പെട്ടുകഴിയുന്ന തടവുകാരെയെല്ലാം ഉപയോഗപ്പെടുത്തിയാൽ ഒരു ഗംഗാ-കാവേരി ശൃംഖലയുണ്ടാക്കാൻ സാധിച്ചുവെന്നുവരും. അതാണ് യഥാർത്ഥ പ്രായ്ശ്ചിത്തം.

4. അവസാനമായി, ജീവപര്യന്തം (എന്തുവച്ചാൽ മരണപര്യന്തം) ശിക്ഷിക്കപ്പെടുന്ന ഒരാൾ, വല്ലപ്പോഴും സംസകൃതചിത്തനായെന്നു വരാം. സാക്ഷാൽ വാത്മീകി ഒരു പെരുംകള്ളനായിരുന്നുവെന്ന കാര്യം നാം മറക്കരുത്. ജീവിതത്തിലെ ചില പ്രതിസന്ധികളിൽ മനുഷ്യർ ചീത്തയാകുന്നതുപോലെ ചീത്തയായവർ ചിലപ്പോൾ നന്നായെന്നുവരും. വധശിക്ഷകൊണ്ട് ആർക്കും ഒരു നേട്ടവുമില്ലെങ്കിൽ, വധിക്കാതിരിക്കുന്നതുകൊണ്ട് സമൂഹത്തിന്ന് നേട്ടമുണ്ടു താനും. നേട്ടം പലവിധമാകാം - ഒന്നുകിൽ ഒരു തൃശ്ശൂർ - എറണാകുളം റോഡാവാം. ചിലപ്പോൾ ഒരു രാമായണം തന്നെയായെന്നു വരാം. ഏതായാലും നഷ്ടമില്ലെന്ന് തീർച്ച

വധശിക്ഷ നാഗരികമെന്ന് കരുതപ്പെടുന്ന സമൂഹത്തിന്റെ ക്രൗര്യത്തെ മാത്രമെ വെളിപ്പെടുത്തുന്നുള്ളു. ഭാരതീയ വിശ്വാസമനുസരിച്ച് കുറ്റം ചെയ്തുവന് ശിക്ഷനരകവാസമാണ്. നരകം 21 ഉണ്ടെന്നാണ് സങ്കൽപ്പം. എന്നാൽ ഒരു നരകത്തിലും വധം ഇല്ല. നരകവധമല്ല, നരകവാസമാണ് ശിക്ഷ. കുറ്റംചെയ്തവൻ അതിന്റെ ഫലം ജീവിച്ചനുഭവിച്ചുതീർക്കണം. മരിക്കുന്നവനെ സംബന്ധിച്ചിടത്തോളം മരണം എത്രസുന്ദരമാണ്. മരിക്കാൻ അനുവദിക്കരുത്. ജീവിച്ചനുഭവിക്കട്ടെ.

## 2. ദളിത് ബന്ധു എൻ.കെ. ജോസ്

ഭർത്താവിനെ കൊട്ടയിൽ ചുമന്ന് ജാരന്റെ സവിധത്തിലേയ്ക്ക് കൊണ്ടുപോയ ഭാര്യയാണ് നമ്മുടെ സംസ്ക്കാരത്തിന്റെ പ്രതീകം. എൺപതവയസ്സായ വൃദ്ധൻ 20 വയസ്സുള്ള പെൺകുട്ടിയെവേളികഴിച്ച് പ്രഥമരാത്രികഴിഞ്ഞു മരിക്കുമ്പോൾ കൂടെ ചിതയിൽ പിടിച്ചിട്ട് ചുട്ടുകൊന്ന് അവളെ സതീദേവിയാക്കി ആരാധിക്കുന്നതിനെയാണ് നാം സംസ്ക്കാരമെന്ന്

Reg. No.3551/93/L Dis Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി
◆ കെ.ജി.ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ്
◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജോർജ്ജ് പുലികുത്തിയിൽ

പറയുന്നത്. വിവാഹപ്രായം കഴിഞ്ഞിട്ട്; ഇനി ഒരു ഭർത്താവിനെ ലഭിക്കുകയില്ലാ എന്ന് ബോധ്യപ്പെട്ടതിന് ശേഷവും, ഒരു പുരുഷനുമായിസംസാരിച്ചാൽ പടി അടച്ചുപിണ്ഡം വയ്ക്കുന്നതാണ് നമ്മുടെ സംസ്ക്കാരം. മാനത്ത് നോക്കി ഗ്രഹനില നല്ലതെന്ന് തീരുമാനിച്ചാൽ ഉടനെ അടുത്തുകാണുന്ന വീട്ടിൽ കയറിഅവിടത്തെ പെൺകുട്ടിയെ സംഭോഗത്തിനാവശ്യപ്പെടുന്നതിനെയാണ് നാം സംസ്ക്കാരമെന്നു പറയുന്നത്. അതൊന്നും അഡ്വക്കേറ്റ് മരിയ്ക്ക് അറിഞ്ഞുകൂടേ? ബലാൽസംഗത്തിനും സംഭോഗത്തിനുമല്ലെങ്കിൽ പിന്നെ പെണ്ണ് എന്തിനാണ് ? വേദംപഠിക്കാനോ?

## 3. ഇ. വി. ദേവസ്യ

സെപ്റ്റംബർ ലക്കത്തിൽ ധനഞ്ജയനെ തൂക്കിലേറ്റിയ സംഭവത്തെപ്പറ്റി ജനനീതിയിൽ കണ്ടകുറിപ്പ്, ജനനീതിയിലെ നീതി എന്ന വാക്കിന് ഒട്ടും ചേർന്നതല്ല എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. നീതിഎന്നാൽ നിയമാനുസൃതമായികഴിയുന്നവർക്ക് പരിരക്ഷയും കുറ്റം ചെയ്യുന്നവർക്ക് ശിക്ഷയും എന്നാണർത്ഥമാക്കുന്നത്. രാജനീതിയ്ക്കുവേണ്ടി സ്വന്തം കുടുംബാംഗങ്ങളുടെപോലും ശിരഛേദംചെയ്യാൻ കല്പിച്ചിട്ടുള്ള രാജാക്കന്മാരുടെ പാരമ്പര്യമാണ് നമുക്കുള്ളത്. അതാണ് ഭാരതത്തിലെ നീതിബോധം. തെളിയിക്കപ്പെട്ടതും അപൂർവങ്ങളിൽ അപൂർവ്വവും മായ കൊലപാതകങ്ങൾക്ക് വധശിക്ഷനൽകാതിരിക്കുന്നത് ഒരു സംസ്ക്കാരത്തിനും ചേർന്നതല്ല.

ബംഗാളിലെ ഒരു സ്കൂൾ വിദ്യാർത്ഥിനിയെ ക്രൂരമായി ബലാൽസംഗചെയ്ത് കോലപ്പെടുത്തി എന്നത് ഒരു വസ്തുതയാണ്. ഇതിനുത്തരവാദി ധനഞ്ജയനാണെന്നുള്ളത് നീതിന്യായ ശ്രേണിയിലെ വിവിധ തലങ്ങളിൽ നടന്ന വിസ്താരങ്ങളിൽനിന്ന് അനിഷേധ്യമായി തെളിഞ്ഞകാര്യമാണ്. കള്ളക്കേസിൽകുടുങ്ങിയതാണെന്നോ, കൃത്രിമമായി ഉണ്ടാക്കിയതെളിവുകളാണെന്നോ പ്രഗത്ഭരായ അഭിഭാഷകരുടെ വാക്ധോരണിയിൽ മയങ്ങിപുറപ്പെടുവിച്ചവിധിയാണെന്നോ ഒന്നും ധനഞ്ജയന്റെ കുടുംബക്കാർപോലും പരാതിപ്പെടുന്നില്ല. ദയകാട്ടണമെന്നുമാത്രമേ അവർ അഭ്യർത്ഥിച്ചിട്ടുള്ളു. വധശിക്ഷതന്നെ നൽകണമെന്ന സ്കൂളധികാരികളുടെയും മറ്റും നിർബന്ധം സ്വാഭാവികം മാത്രം. തങ്ങളുടെ സ്കൂളിലെ ഒറ്റവിദ്യാർത്ഥിനിക്കും ഇതുപോലൊരനുഭവം മേലിലുണ്ടാകാതിരിക്കാൻ ഇങ്ങനെയൊരുനിയമാനുസൃതമായ ശിക്ഷതന്നെവേണമെന്നവർ ആഗ്രഹിക്കുന്നത് തെറ്റാണെന്ന് വിചാരിക്കുന്നവർ സമൂഹത്തോട് പ്രതിബദ്ധത ഇല്ലാത്തവരാണ്.

വധശിക്ഷ മാർക്സിയൻസിദ്ധാന്തങ്ങൾക്ക് യോജിച്ചതല്ല എന്ന് കരുതുന്നവരോട് ഒരു ചോദ്യം തങ്ങളുടെ ഭാഗം വാദിക്കാൻപോലും അവസരമില്ലാതെ, അപ്പീലുകൾക്കവസരമില്ലാതെ, റഷ്യയിലും ഫ്രാൻസിലും കൊറിയയിലും മറ്റുപലമാർക്സിസ്ററ് അനുഭാവമുള്ളരാജ്യങ്ങളിലും കൊലചെയ്യപ്പെട്ട (ലിക്വിഡേറ്റ് ചെയ്യപ്പെട്ട) ലക്ഷക്കണക്കിനാളുകളെപ്പറ്റി എന്താണ് പറയാനുള്ളത്? നിഷ്കളങ്കരും നിർദ്ധനരുമായ ആയിരക്കണക്കിനാളുകൾ സൈബിരിയായിലെ കോൺസൺ ട്രേഷൻ ക്യാമ്പുകളിൽ നിഷ്ഠൂരമായി പീഢിപ്പിയ്ക്കപ്പെട്ട് കൊലചെയ്യപ്പെട്ടതിന് എന്തുന്യായികരണമാണുള്ളത്? ചക്രവർത്തി, രാജകുടുംബങ്ങളിൽപെട്ടവരാണെന്നതുകൊണ്ടുമാത്രം എട്ടുംപൊട്ടും തിരിയാത്തപിഞ്ചുകുഞ്ഞുങ്ങൾപോലും കൊലചെയ്യപ്പെട്ടിട്ടില്ലേ? ■

(പേജ് -1ൽ)

**ചെറിയ ചെറിയ കാര്യങ്ങളുടെ നിർവ്വഹണത്തിലൂടെ വലിയ ലക്ഷ്യത്തിലെത്താൻ കഴിയുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ. അയൽകാരനിലേക്കുള്ള മാനസികമായ അകലം നിശ്ശേഷം ഇല്ലാതാക്കുന്നതിനുള്ള ഒരു കർമ്മ പരിപാടിയാണദ്ദേഹം രൂപപ്പെടുത്തിയത്. അടുത്തടുത്തുള്ള ഏതാനും വീടുകൾ ചേർന്ന് ഒരു വലിയ കുടുംബമാവുക. ഇതാണ് അയൽകൂട്ടം. അയൽക്കൂട്ടങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുക; അതിന് അയൽക്കൂട്ടങ്ങൾ നിത്യവും ഒത്തുകൂടുന്നു. അന്നത്തെ ജീവിതാനുഭവങ്ങൾ പങ്കിടുന്നു. ചർച്ച ചെയ്യുന്നു. ചെറുതും വലുതുമായ പ്രശ്നങ്ങളുടെ നിവാരണശ്രമങ്ങളിൽ അന്യോന്യം സഹകരിക്കുന്നു. നിത്യജീവിതത്തിന്റെ ഇത്തരം പങ്കുവെയ്ക്കലിലൂടെ അന്യത്വ ഭാവന തീർത്തും ഇല്ലാതാകുന്നു. മനസ്സുകളിൽ മൈത്രിയുടെ ജ്വാല കെടാതെ ജ്വലിച്ചു നിൽക്കുമെന്നും പങ്കജാക്ഷക്കുറുപ്പ് വിശ്വസിച്ചു. ഈ മാനവ മൈത്രിയാണ് താൻ സ്വപ്നം കാണുന്ന നവസമൂഹ നിർമ്മിതിക്കാധാരം**

**കക്ഷി, മത, ജാതി ഭേദങ്ങൾ കലുഷവും ശിഥിലവുമാക്കിയ മതമാത്സര്യങ്ങൾ ഹിംസാത്മകമായ സംഘർഷം ജനിപ്പിക്കുന്ന വ്യവസ്ഥാപിത സമൂഹത്തിന്റെ പരിധിക്കകത്തുനിന്നുതന്നെ വിശാലമായ മാനവ മൈത്രിയെന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായി അദ്ദേഹം ശ്രമിച്ചു. ഈ ശ്രമം നിരന്തരമായും നിസ്തന്ദ്രമായും ജീവിതാന്ത്യം വരെ തുടരാൻ സാധിച്ചുവെന്നതാണ് പങ്കജാക്ഷക്കുറുപ്പിന്റെ മഹത്വം. ധന്യമായ മാനവ മൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായി പൊരുതിയ ഈ കർമ്മധീരന് ജനനീതിയുടെ സ്മരണാഞ്ജലി ■**

**ജനനീതി**

**ജനനീതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിലാസം :**

**ജനനീതി ഇൻസ്റ്റിറ്റ്യൂട്ട്**
**IX / 510 (1) P.B No. 8, തോട്ടപ്പടി,**
**മണ്ണുത്തി പി.ഒ, തൃശ്ശൂർ- 680 651**
**ഫോൺ : 0487- 3094050/ 3094056**
**ഫാക്സ് : 0487- 2444474**

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@asianetindia.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709